**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ ക്ളാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. കെ. ശ്രീജേഷിന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ ) നം.**478/2016/**തസ്വഭവ                    തീയതി,തിരുവനന്തപുരം**06/2/2016**

---

പരാമർശം : 1. 15.11.1992 ലെ 1015/ഡി2/92/പി&എ.ആർ.ഡി നമ്പർ സർക്കുലർ.

2. ശ്രീ .കെ.കെ.ശ്രീജേഷ്, ക്ളാർക്ക്,പാവറട്ടി ഗ്രാമപഞ്ചായത്ത് 20/05/2015 ാം തീയതിയിൽ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം സമർപ്പിച്ച അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 06/07/2015, 08/12/2015 തീയതികളിലെ ഇ 6- 116964/2015 നമ്പർ കത്ത്.

4. തൃശ്ശൂർ ജില്ലാകളക്ടറുടെ 17/11/2015-ലെ എ 2-58175/15 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. കെ. കെ. ശ്രീജേഷ് തന്റെ 2 വയസ്സിൽ താഴെ പ്രായമുള്ളതും 80%ൽ അധികം കേൾവിക്കുറവുള്ളതുമായ കുഞ്ഞിന്റെ ചികിത്സയുടേയും ഭാഷാ പരിശീലനത്തിന്റെയും ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്(NISH)- ൽ റഗുലറായി പ്രീ സ്കൂൾ പരിശീലനം നടത്തേണ്ടതിന്, തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചു

80%-ൽ അധികം കേൾവിക്കുറവുള്ളതുകൊണ്ട് കുട്ടിയുടെ ചികിത്സയുടേയും ഭാഷാ പരിശീലനത്തിന്റെയും ഭാഗമായി NISH ൽ റഗുലറായി പ്രീ സ്കൂൾ പരിശീലനം നടത്തിയാലേ അതിന്റെ പ്രയോജനം ടി കുട്ടിക്ക് ലഭിക്കുകയുള്ളൂ എന്ന് പരാമർശം 4- ലെ കത്ത്പ്രകാരം തൃശ്ശൂർ ജില്ലാകളക്ടർ ഈ വിഷയത്തിൽ അനുകൂലമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ശ്രീ. ശ്രീജേഷിനെ തൃശ്ശൂർ ജില്ലയിലെ ഏതെങ്കിലും ഓഫീസിൽ സ്ഥലംമാറ്റി നിയമിച്ച ശേഷം പഞ്ചായത്ത് ഡയറക്ടറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് പരാമർശം 3 ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമ്മതം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലുള്ള നിയമനങ്ങൾ സർക്കാർ നിരോധിച്ചിട്ടുണ്ടെങ്കിലും, തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ കെ. കെ. ശ്രീജേഷിന്റെ 80%ൽ അധികം കേൾവിക്കുറവുള്ള കുഞ്ഞിന്റെ ചികിൽസയുടെ ഭാഗമായി, ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച്, പരാമർശം 1 ലെ സർക്കുലറിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി മാനുഷിക പരിഗണന നല്കി ശ്രീ.കെ.കെ.ശ്രീജേഷിന് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി.എസ്സ്**
**ഗവ.അണ്ടർസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ,
ജില്ലാ കളക്ടർ, തൃശ്ശൂർ,
ശ്രീ കെ. കെ. ശ്രീജേഷ്, ക്ളാർക്ക്, പാവറട്ടി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ,( സെക്രട്ടറി, പാവറട്ടി ഗ്രാമപഞ്ചായത്ത് മുഖേന)
സെക്രട്ടറി, പാവറട്ടി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ